**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — ചെമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടി — ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2775/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 30.10.2018

================================================================

പരാമർശം: 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.06.2015-ലെ എ.വി.എസ്.2. 2650/14(1) നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 11.08.2015-ലെ ഡി5-8085/14 നമ്പർ കത്ത്
3. സർക്കാരിന്റെ 11.01.2017-ലെ ഇപിബി2/240/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2018-ലെ ഡി5-8085/2014 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ കെ. മുരളീധരനെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ ശ്രീ. കെ. മുരളീധരൻ കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ നല്കിയ 50 കെട്ടിട നിർമ്മാണ പെർമിറ്റുകളിൽ മിക്കതിലും തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പിന്റെ 15.06.2013 ലെ 32131/ആർഎ 1/12/തസ്വഭവ നമ്പർ സർക്കുലറിലെ ലംഘനം നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ടിയാൻ 31.12.2014-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുമ്പ് ശ്രീ. കെ. മുരളീധരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മുരളീധരൻ നാളിതുവരെ കൈപ്പറ്റ് പകർപ്പ് സമർപ്പിക്കുകയോ, എതിർവാദ പത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മുരളീധരൻ എതിർവാദ പത്രിക സമർപ്പിച്ചിട്ടില്ലെങ്കിലും പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനം കൈക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. കെ. മുരളീധരനെതിരായ ആരോപണങ്ങളിന്മേൽ ഔചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. ശ്രീ. കെ. മുരളീധരൻ, മുൻ സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/240/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ